**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3021** **25-06-2024 - ല്‍ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ ജലജീവന്‍ മിഷന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. റോഷി അഗസ്റ്റിന്‍<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലജീവന്‍ മിഷന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങളുടെ ഭാഗമായി കായംകുളം മണ്ഡലത്തില്‍ പല റോഡുകളുടേയും വശങ്ങള്‍ പൊളിച്ചത് പൂര്‍വ്വസ്ഥിതിയിലേയ്ക്ക് ആക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; എങ്കില്‍ പൊളിച്ച റോഡുകള്‍ എത്രയും വേഗം പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | **ഉണ്ട്, കായംകുളം മണ്ഡലത്തിനു കീഴില്‍ ജല്‍ ജീവന്‍ മിഷന്‍ പ്രവര്‍ത്തനങ്ങള്‍ നടന്നുവരുന്ന പഞ്ചായത്തുകളില്‍ പൈപ്പ് സ്ഥാപിക്കുന്നതിനായി റോഡില്‍ ടാര്‍ കട്ട് ചെയ്ത ഭാഗങ്ങളില്‍ പൈപ്പ് ലൈന്‍ സ്ഥാപിക്കുന്ന കരാറുകാരനെക്കൊണ്ട് തന്നെ റോഡ് റെസ്റ്റൊറേഷന്‍ ചെയ്യുന്ന രീതിയിലാണ് കരാര്‍ നല്‍കിയിരിക്കുന്നത്. പൈപ്പ് ലൈന്‍ പൂര്‍ത്തീകരിച്ചിട്ടുള്ള റോഡുകളില്‍ അടിയന്തിരമായി റോഡ് റെസ്റ്റൊറേഷന്‍ പ്രവൃത്തികള്‍ നടത്തുവാന്‍ കരാറുകാര്‍ക്ക് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്.** |

സെക്ഷന്‍ ഓഫീസര്‍